**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **13-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതു സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ പൊതു സർവീസിന്റെ ഭാഗമായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 25/06/2022 ലെ GO(Ms) 134/2022/LSGD നമ്പർ ഉത്തരവ് പ്രകാരം 1 അഡിഷണൽ ഡയറക്ടർ, 7 ജോയിന്റ് ഡയറക്ടർ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>22.12.2022 ലെ GO(Ms) 277/2022/LSGD നമ്പർ ഉത്തരവ് പ്രകാരം 6 Accounts Officer, 93 Accounts assistant, 2 Health Officer, 51 Health Supervisor, 5 Health Inspector Gr.I, 6 Health Inspector Gr.II, 11 Junior Health Inspector Gr.I, 180 Junior Health Inspector Gr.II തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>24/06/2022 ലെ GO(Ms) 133/2022/LSGD നമ്പർ ഉത്തരവ് പ്രകാരം 3 Health Inspector Gr.II, 2 Junior Health Inspector Gr.I, 12 Junior Health Inspector Gr.II - തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>ഈ 3 ഉത്തരവുകൾ പ്രകാരം **ആകെ 379 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.**<br><br>(ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | തദ്ദേശ വകുപ്പിലെ നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായും പുതിയതായി തസ്തിക സൃഷ്ടിച്ചതിന്റെ ഭാഗമായും അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:<br><br>സ്റ്റേറ്റ് സർവ്വീസിലെ തസ്തികകളുടെ സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ എന്നിവയുടെ ഭാഗമായി ഉണ്ടായ **ആകെ പ്രതിവർഷ സാമ്പത്തിക ബാധ്യത 23716764/- രൂപ (രണ്ടു കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി അറുപത്തി നാല് രൂപ** |

| | | | |
|---|---|---|---|
| | | | **മാത്രം)** ആണ്. കോർപ്പറേഷൻ സെക്രട്ടറി തസ്തിക, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തിക എന്നിവയുടെ ജോയിന്റ് ഡയറക്ടർ കാറ്റഗറിയിലേക്കുള്ള അപ്ഗ്രഡേഷൻ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 1 തസ്തികയുടെ ഡെപ്യൂട്ടി ഡയറക്ടർ കാറ്റഗറിയിലേക്കുള്ള അപ്ഗ്രഡേഷൻ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയുടെ സീനിയർ സെക്രട്ടറി കാറ്റഗറിയിലേക്കുള്ള അപ്ഗ്രഡേഷൻ എന്നിവയുടെ സാമ്പത്തിക ബാധ്യത അതാത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ് വഹിക്കുന്നത്. ഏകീകൃത തദ്ദേശ സ്വയംഭരണ രൂപീകരണത്തിന്റെ ഭാഗമായി അപ്രധാന തസ്തികകൾ വാനിഷിംഗ് തസ്തികകളാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാർ വിരമിക്കുന്നതോട്ടു കൂടി പ്രസ്തുത തസ്തികകൾ ഇല്ലാതാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം - തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും അപ്ഗ്രേഡ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.134/2022/LSGD** **തിരുവനന്തപുരം, തീയതി: 25/06/2022**

---

പരാമർശം: 1) സ.ഉ.(കൈ) നം.198/2016/തസ്വഭവ, തീയതി: 27.12.2016
2) സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി: 17.07.2020

**ഉത്തരവ്**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പദ്ധതി നിർവഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമാണ്.

2) 24.06.2016-ലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് പരാമർശം 1 പ്രകാരം ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) ഏകീകൃത വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഏകീകൃത സർവീസ് വരുന്നതോടു കൂടി എല്ലാ വകുപ്പുകളിൽ നിന്നുമായി അഡീഷണൽ ഡയറക്ടർ തലത്തിൽ 3 തസ്തികകൾ മാത്രമെ പൊതുസർവ്വീസിനായി ലഭിക്കുകയുള്ളു. സംസ്ഥാനതല ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക കൂടി അനിവാര്യമായതിനാൽ പ്രസ്തുത തസ്തിക നിലവിലില്ലാത്ത നഗരകാര്യ വിഭാഗത്തിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല മേധാവി ജോയിന്റ് ഡയറക്ടർ ആയിരിക്കണമെന്ന് പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഏകീകൃത സർവീസ് വരുന്നതോടു കൂടി എല്ലാ വകുപ്പുകളിൽ നിന്നുമായി ജോയിന്റ് ഡയറക്ടർ തലത്തിൽ ഡയറക്ടറേറ്റിലേക്കും ജില്ലാ ഓഫീസിലേക്കുമായി ആകെ 10 തസ്തികകളാണ് പൊതുസർവീസിനായി ലഭിക്കുന്നത്. ഇതിൽ കുറഞ്ഞത് 3 തസ്തികകൾ ഡയറക്ടറേറ്റിൽ നൽകേണ്ടതുണ്ട്. പൊതു സർവീസ് വിഭാവനം ചെയ്തതു പ്രകാരം ജില്ലാതലത്തിൽ വകുപ്പിന്റെ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തിക ആവശ്യമാണ്. ഇതിനായി നിലവിൽ ഏഴ് തസ്തികകൾ മാത്രമേ വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്നുള്ളു. ആയതിനാൽ 7 തസ്തികകൾ കൂടി അധികമായി സൃഷ്ടിക്കേണ്ടതുണ്ട്.

4) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ ഏകീകരിക്കുമ്പോൾ സമാന ഉത്തരവാദിത്വം നിർവഹിക്കുന്ന തസ്തികകൾ വ്യത്യസ്ത സ്കെയിലിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ചില ശമ്പള സ്കെയിലുകൾ റെഗുലർ സ്കെയിലുകളുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ഇന്റർട്രാൻസ്ഫറബിലിറ്റി ഉറപ്പ് വരുത്തുന്നതിനായി ടി സ്കെയിലുകൾ തൊട്ടു മുകളിലുള്ള ഉയർന്ന ശമ്പളസ്കെയിലിലേക്ക് അപ്ഗ്രേഡ് ചെയ്ത് ഏകീകരിക്കേണ്ടതായുണ്ട്.

5) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അഞ്ചു വകുപ്പുകളുടെ ഏകീകരണത്തിലൂടെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പും സർവ്വീസും രൂപീകരിക്കുക എന്നത് വളരെ അപൂർവ്വമായ ഭരണ പരിഷ്കാര നടപടിയാണ്. വകുപ്പുകൾക്കിടയിൽ നിലനിന്നിരുന്ന അസമാനതകൾ പരിഹരിച്ചും ജീവനക്കാരുടെ ഫലപ്രദമായ വിന്യാസം നടപ്പിലാക്കിയും മാത്രമേ സുഗമമായ ഏകീകരണം കൊണ്ടു വരാൻ കഴിയുകയുള്ളൂ എന്നതിനാൽ ചുവടെ ചേർക്കും പ്രകാരം ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ തസ്തിക സൃഷ്ടിക്കുന്നതിനും നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ തസ്തികകളുടെ അപ്ഗ്രഡേഷനും അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

**തസ്തിക സൃഷ്ടിക്കുന്നത്**

| ക്രമ നം. | സൃഷ്ടിക്കുന്ന തസ്തിക | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | അഡീഷണൽ ഡയറക്ടർ | 112800- 163400 | 1 |
| 2 | ജോയിന്റ് ഡയറക്ടർ | 107800- 160000 | 7 |

**അപ്ഗ്രഡേഷൻ**

| ക്രമ നം. | നിലവിലെ തസ്തിക | നിലവിലെ സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തിക | അപ്ഗ്രേഡ് ചെയ്യുന്ന സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കോർപ്പറേഷൻ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 2 | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | 63700-123700 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 17 |
| 4 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് I | 77200-140500 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 12 |

| | | | | | |
|---|---|---|---|---|---|
| 5 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 14 |
| 6 | ഇന്റേണൽ വിജിലൻസ് ഓഫീസർ | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 66 |
| 7 | a) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Panchayat/CRD /CTP/LIDE, LSGD) | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 5 |
| | b) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Urban Affairs) | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 8 | പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് | 56500- 118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 9 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III | 55200-115300 | സീനിയർ സെക്രട്ടറി | 56500- 118100 | 49 |
| 10 | ക്യാമ്പയിൻ ഓഫീസർ (റൂറൽ ഇൻഫർമേഷൻ ബ്യൂറോ) | 50200-105300 | സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ | 51400- 110300 | 2 |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 50200-105300 | ക്ലീൻ സിറ്റി മാനേജർ (മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) | 51400- 110300 | 44 |
| 12 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്I, പഞ്ചായത്ത് വകുപ്പ് | 35600-75400 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 37400- 79000 | 10 |

6)കൂടാതെ എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകളും ഏകീകൃത വകുപ്പിനകത്തെ ജീവനക്കാരുടെ തസ്തികയായി നിശ്ചയിക്കുന്നതാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ആയതിൻപ്രകാരം പ്രസ്തുത തസ്തികകൾ ഏകീകൃത വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കിയും ഉത്തരവാകുന്നു.

7) ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ച ർഡവലപ്പ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ്(ഇനം നം. തീയതി പ്രകാരം)
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ.-യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് ജില്ലയിലെ വടകര, കൊടുവള്ളി, മുക്കം, കൊയിലാണ്ടി, ഫറോക്ക് നഗരസഭകളിലെ ആരോഗ്യവിഭാഗത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അധിക തസ്തിക സൃഷ്ടിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ)നം. 133/2022/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.06.2022

---

പരാമർശം : 1. കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ 02.02.2022 തീയതിയിലെ ബി-211/21 നമ്പർറിപ്പോർട്ട്

2. നഗരകാര്യ ഡയറക്ടറുടെ 03.02.2022 തിയതിയിലെ ഇ 6-15784/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊടുവള്ളി, മുക്കം, കൊയിലാണ്ടി, വടകര, ഫറോക്ക് നഗരസഭകളിലെ തസ്തികകളെ സംബന്ധിച്ച് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ വർക്ക് സ്റ്റഡി നടത്തി പരാമർശം 1 പ്രകാരം സമർപ്പിച്ച റിപ്പോർട്ട് നഗരകാര്യഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകളിൽ കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്,ധനകാര്യ കമ്മീഷൻ, സ്വച്ഛ് ഭാരത് മിഷൻ, അമൃത്, ശുചിത്വമിഷൻ, ടേക്ക് എ ബ്രേക്ക് പദ്ധതി, മറ്റ് തനത് പദ്ധതികൾ, ഹരിത സേന തുടങ്ങിയവ വഴി നിരവധിയായ മാലിന്യ സംസ്കരണ-ആരോഗ്യ സംരക്ഷണ പദ്ധതികൾ നടപ്പാക്കിവരികയാണ്.കൂടാതെ കോവിഡ്പ്രതിരോധം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയും തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു. ഇവയുടെയെല്ലാം കൃത്യമായ നിർവ്വഹണം, മോണിട്ടറിംഗ് തുടങ്ങിയവയ്ക്ക് നഗരസഭകളുടെ ആരോഗ്യവിഭാഗം ശക്തിപ്പെടുത്തേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ വടകര, കൊടുവള്ളി, മുക്കം, കൊയിലാണ്ടി, ഫറോക്ക് നഗരസഭകളിലെ ആരോഗ്യവിഭാഗത്തിൽ, സാമ്പത്തിക ബാധ്യത നഗരസഭ ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ, ചുവടെചേർക്കും പ്രകാരമുള്ള അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | നഗരസഭയുടെ പേര് | തസ്തിക | അനുവദിക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | കൊടുവള്ളി, | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| 2 | മുക്കം, | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |

| | | | |
|---|---|---|---|
| 3 | വടകര, | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 3 |
| 4 | ഫറോക്ക് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 3 |
| 5 | കൊയിലാണ്ടി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 |
| | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| | | **ആകെ** | 17 |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ബിജു പ്രഭാകർ**
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വടകര/ കൊടുവള്ളി/ മുക്കം/ കൊയിലാണ്ടി/ ഫറോക്ക് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ധനകാര്യവകുപ്പ്(26.05.2022 തീയതിയിലെ DEV-5/251/2021/FIN നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി)വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യവിഭാഗത്തിലുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിൽ അപ്രധാനമായ 578 തസ്തികകൾ നിർത്തലാക്കിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.277/2022/LSGD തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 16.09.2022 തീയതിയിലെ ഡി.യു.എ-6762/2022-ഇ1 നമ്പർ കത്ത്.

2. വൈജ്ഞാനിക ഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ 05.12.2022 തീയതിയിലെ യോഗതീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ ജീവനക്കാരുടെ കുറവ് നികുതി പിരിവ്, ആരോഗ്യപരിപാലനം തുടങ്ങി എല്ലാ മേഖലകളേയും ബാധിക്കുന്നതായും അടിയന്തരമായി ആവശ്യമായ തസ്തിക സൃഷ്ടിക്കണമെന്നും നിരന്തരം ആവശ്യമുയർന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും നിലവിലുള്ള തസ്തികകളെ സംബന്ധിച്ചും, അവ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചും വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നഗരകാര്യഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അതീവപ്രാധാന്യമില്ലാത്ത തസ്തികകൾ നിർത്തലാക്കി പകരം 653 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

2. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ 653 തസ്തികകൾ പുതുതായി സൃഷ്ടിക്കുമ്പോൾ, നിലവിലുള്ള തസ്തികകളിൽ അപ്രധാനമായ 141 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒഴിവാക്കാവുന്നതാണെന്നും, കൂടാതെ ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ നികത്താതെ പ്രസ്തുത വിഭാഗത്തിൽ 2/3 തസ്തികകൾ ഒഴിവാക്കാവുന്നതാണന്നും ശുപാർശ ചെയ്തിരുന്നു.

3. പരാമർശം (2) പ്രകാരമുള്ള വൈജ്ഞാനികഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രസ്തുത സമിതിയുടെ

ശുപാർശ പ്രകാരം അക്കൗണ്ട്സ് വിഭാഗം, മാലിന്യനിർമ്മാർജ്ജനം/ആരോഗ്യം വിഭാഗങ്ങളിൽ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടതുണ്ടെന്നതിനാൽ സംസ്ഥാനത്തെ നഗരസഭകളുടെ സുഗമമായ പ്രവർത്തനത്തിന് ചുവടെ ചേർക്കുന്ന 354 അധിക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിനും, അതിന് ആനുപാതികമായി നിലവിൽ അപ്രധാനമായ 578 തസ്തികകൾ ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തിരുന്നു.

<u>പുതുതായി സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്ത തസ്തികകൾ</u>

| | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 6 |
| 2 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 |
| 3 | ഹെൽത്ത് ഓഫീസർ | 2 |
| 4 | ഹെൽത്ത് സൂപ്പർവൈസർ | 51 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 5 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 6 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 11 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 180 |
| | ആകെ | 354 |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിലെ അക്കൗണ്ട്സ് വിഭാഗവും, മാലിന്യ നിർമ്മാർജ്ജനം/ ആരോഗ്യപരിപാലന വിഭാഗവും അടിയന്തരമായി ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന 354 തസ്തികകൾ പുതിയതായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 6 |
| 2 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 |
| 3 | ഹെൽത്ത് ഓഫീസർ | 2 |
| 4 | ഹെൽത്ത് സൂപ്പർവൈസർ | 51 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 5 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 6 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 11 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 180 |
| | ആകെ | 354 |

5. മേൽ പ്രകാരം അനുവദിക്കുന്ന 180 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകൾ ചുവടെ പറയും പ്രകാരം ജില്ലകൾക്ക് അനുവദിച്ചുനൽകുന്നു.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37 |
| 2 | കൊല്ലം | 7 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 12 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 35 |
| 8 | തൃശ്ശൂർ | 26 |
| 9 | പാലക്കാട് | 17 |
| 10 | മലപ്പുറം | 11 |
| 11 | വയനാട് | 5 |
| 12 | കണ്ണൂർ | 15 |
| 13 | കാസർകോഡ് | 2 |
| | ആകെ | 180 |

6. പുതുതായി സൃഷ്ടിക്കുന്ന 354 തസ്തികകളുടെ, മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

7. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിൽ നിലവിലുള്ള തസ്തികകളിൽ അപ്രധാനമായ ചുവടെ പറയുന്ന 141 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ ഒഴിവാക്കി ഉത്തരവാകുന്നു.

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ആയ | 2 |
| 2 | കാർപ്പന്റർ | 3 |
| 3 | ചെയിൻമാൻ | 42 |
| 4 | ക്ലീനർ | 26 |
| 5 | കമ്പൗണ്ടർ | 1 |
| 6 | കുക്ക് | 3 |
| 7 | ഫിറ്റർ | 3 |
| 8 | ഗാർഡനർ | 8 |
| 9 | ഹെൽപ്പർ | 1 |
| 10 | ലേഡി അസിസ്റ്റന്റ് | 2 |
| 11 | ലേഡി അറ്റൻഡന്റ് | 5 |
| 12 | ലിഫ്റ്റ് ഓപ്പറേറ്റർ | 5 |
| 13 | മെയിൽ അറ്റൻഡന്റ് | 4 |
| 14 | പി.ബി.എക്സ് ഓപ്പറേറ്റർ/<br>ടെലിഫോൺ അറ്റൻർ | 7 |
| 15 | റോഡ് റോളർ ഡ്രൈവർ ഗ്രേഡ് I | 7 |
| 16 | സർജന്റ് ഗ്രേഡ് II | 5 |
| | സോഷ്യൽ വർക്കർ/ | 11 |

| | | |
|---|---|---|
| 17 | കമ്മ്യൂണിറ്റി ഓർഗനൈസർ | |
| 18 | ടി.ബി.സ്പെഷ്യലിസ്റ്റ് | 1 |
| 19 | വെൽഡർ | 1 |
| 20 | വർക്ക്ഷോപ്പ് ക്ലീനർ | 4 |
| | **ആകെ** | **141** |

8. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ നികത്താതെ പ്രസ്തുത വിഭാഗത്തിൽ ചുവടെ ചേർക്കുന്ന 437 തസ്തികകൾ ഒഴിവാക്കിയും ഉത്തരവാകുന്നു.

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 283 |
| 2 | ഡ്രൈവർ (എൽ.ഡി.വി) | 60 |
| 3 | ഡ്രൈവർ (എച്ച്.ഡി.വി) | 34 |
| 4 | ടൈപ്പിസ്റ്റ് | 60 |
| | **ആകെ** | **437** |

9. മേൽ പ്രകാരം ഒഴിവാക്കപ്പെടുന്ന 578 തസ്തികകൾ പ്രസ്തുത തസ്തികകളിലെ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന/ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക്, ടി തസ്തികകൾ സ്വമേധയാ ഇല്ലാതാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ(അർബൻ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യവകുപ്പ്(04.11.2022 തീയതിയിലെ DEV-5/86/2022/FIN നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 23-12-2022 10:20:53
സെക്ഷൻ ഓഫീസർ

പകർപ്പ്- 1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2.തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

3. തദ്ദേശസ്വയംഭരണവകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2583**
**13/02/2024 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**തദ്ദേശ പൊതു സർവീസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | **ശ്രീ.കെ.എൻ.ബാലഗോപാൽ (ധനകാര്യ വകുപ്പ മന്ത്രി)** |
| (ബി) തദ്ദേശ വകുപ്പിലെ നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായും പുതിയതായി തസ്തിക സൃഷ്ടിച്ചതിന്റെ ഭാഗമായും അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:<br>സ്റ്റേറ്റ് സർവ്വീസിലെ തസ്തികകളുടെ സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ എന്നിവയുടെ ഭാഗമായി ഉണ്ടായ **ആകെ പ്രതിവർഷ സാമ്പത്തിക ബാധ്യത 23716764/- രൂപ (രണ്ടു കോടി മുപ്പത്തിയേഴ ലക്ഷത്തി പതിനാറായിരത്തി എഴുനൂറ്റി അറുപത്തി നാല് രൂപ മാത്രം)** ആണ്. കോർപ്പറേഷൻ സെക്രട്ടറി തസ്തിക, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തിക എന്നിവയുടെ ജോയിന്റ് ഡയറക്ടർ കാറ്റഗറിയിലേക്കുള്ള അപ്ഗ്രഡേഷൻ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 1 തസ്തികയുടെ ഡെപ്യൂട്ടി ഡയറക്ടർ കാറ്റഗറിയിലേക്കുള്ള അപ്ഗ്രഡേഷൻ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയുടെ സീനിയർ സെക്രട്ടറി |

| | |
|---|---|
| | കാറ്റഗറിയിലേക്കുള്ള അപ് ഗ്രഡേഷൻ എന്നിവയുടെ സാമ്പത്തിക ബാധ്യത അതാത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ് വഹിക്കുന്നത്. ഏകീകൃത തദ്ദേശ സ്വയംഭരണ രൂപീകരണത്തിന്റെ ഭാഗമായി അപ്രധാന തസ്തികകൾ വാനിഷിംഗ് തസ്തികകളാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാർ വിരമിക്കുന്നതോട്ട കൂടി പ്രസ്തുത തസ്തികകൾ ഇല്ലാതാകുന്നതാണ്. |

സെക്ഷൻ ഓഫീസർ